# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2023** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മധ്യപ്രദേശും രാജസ്ഥാനും സന്ദർശിക്കും, ഇരു സംസ്ഥാനങ്ങളിലുമായി 17,600 കോടിയുടെ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും.

   **PM to visit Madhya Pradesh and Rajasthan tomorrow to launch multiple development projects**

2. സിക്കിമിൽ മിന്നൽ പ്രളയത്തിൽ അഞ്ചു മരണം. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. ബിഹാറിലും പശ്ചിമബംഗാളിലും മഴ മുന്നറിയിപ്പ് തുടരുന്നു.

   **Five dead in flash flood ravages Sikkim, Rescue operation is in progress. Rain warning continues in Bihar and West Bengal.**

3. പ്രധാനമന്ത്രി ഉജ്വല യോജന ഗുണഭോക്താക്കൾക്കുള്ള പാചകവാതക സബ്സിഡി 100 രൂപ വർധിപ്പിച്ച് കേന്ദ്ര സർക്കാർ.

   **Central Government increases the LPG subsidy by hundred rupees for the PM Ujjawala Yojana beneficiaries.**

4. ഈ വർഷത്തെ രസതന്ത്ര നൊബേൽ പുരസ്കാരം മൂന്ന് അമേരിക്കൻ ശാസ്ത്രജ്ഞർ പങ്കിട്ടു. പുരസ്കാരം നാനോ ടെക്നോളജിയിലെ അതിസൂക്ഷ്മ കണികകളായ ക്വാണ്ടം ഡോട്സ് വികസിപ്പിച്ചതിന്.

   **Nobel Prize in Chemistry 2023 Awarded to 3 American Scientists for Exploring the quantum dots in Nano technology.**

5. പാക്കിസ്ഥാനിലെ അനധികൃത കുടിയേറ്റക്കാർ ഈ മാസം അവസാനത്തോടെ രാജ്യം വിടണമെന്ന് പാക് ഭരണകൂടം.

   **Pakistan planning to deport all illegal immigrants from country by end of October**

6. ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. ജാവലിൻ ത്രോയിൽ ഇരട്ട മെഡൽ നേട്ടം.

**India continues medal rush in the Asian Games. Double medal finish in javelin throw.**

## HEADLINE – 2

## SIKKIM CLOUD BURST

സിക്കിമിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 23 സൈനികർ ഉൾപ്പെടെ 59 പേരെ കാണാതായി. 5 പേർ മരിച്ചതായി സ്ഥിരീകരിച്ചു. മേഘവിസ്ഫോടനത്തെ തുടർന്ന് ടീസ്റ്റാ നദിയിലുണ്ടായ മിന്നൽ പ്രളയം മംഗാൻ. ഗാംടോക്ക്, പാക്യോങ്ങ് ജില്ലകളിൽ കനത്ത നാശനഷ്ടമുണ്ടാക്കിയതായാണ് വിവരം. പാലങ്ങളും ഗതാഗത സംവിധാനങ്ങളും തടസ്സപ്പെട്ടതായായി അധികൃതർ അറിയിച്ചു. ദേശീയ ദുരന്ത നിവാരണ സേനയുടെ മൂന്ന് സംഘങ്ങളെ മേഖലയിൽ വിന്യസിച്ചു. ഇതുവരെ ഏഴുപേരെ രക്ഷപ്പെടുത്തി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സിക്കിമിലെ സ്ഥിതിഗതികൾ വിലയിരുത്തി. മുഖ്യമന്ത്രി പ്രേം സിംഗ് തമാങ്ങുമായി സംസാരിച്ച പ്രധാനമന്ത്രി എല്ലാ വിധ സഹായവും ഉറപ്പു നൽകി.

## RAIN – BIHAR

ബിഹാറിലും പശ്ചിമബംഗാളിലും മഴ തുടരുന്നു. ബിഹാറിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ സജീവമായതോടെയാണ് വടക്ക് പടിഞ്ഞാറൻ, തെക്ക് കിഴക്കൻ മേഖലകളിൽ മഴ ശക്തമായത്. ദുർഗ്ഗാവതി, സുവര തുടങ്ങിയ നദികൾ നിറഞ്ഞൊഴുകുന്നു. സംസ്ഥാനത്ത് അടുത്ത രണ്ട് ദിവസവും മഴ മുന്നറിയിപ്പുണ്ട്. പശ്ചിമ ബംഗാളിൽ ഏഴ് ജില്ലകളിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് നിലനിൽക്കുന്നു. മുൻകരുതലിന്റെ ഭാഗമായി കലിംപോങ്, ഡാർജിലിംഗ്, ജൽപായ്ഗുരി ജില്ലകളിൽ നിന്ന് ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചതായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി വ്യക്തമാക്കി.

## HEADLINE – 1

## PM-MADHYA PRADESH + Rajasthan (intro)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മധ്യപ്രദേശിലും രാജസ്ഥാനിലുമായി 17,600 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും.

വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

രാജസ്ഥാനിലെ ജോധ്പൂരിൽ സന്ദർശനം നടത്തുന്ന പ്രധാനമന്ത്രി, ആരോഗ്യ അടിസ്ഥാന സൗകര്യ മേഖലയിലെ 350 കോടി രൂപയുടെ സുപ്രധാന പദ്ധതികൾക്ക് നാളെ തറക്കല്ലിടും. ഐഐടി ജോധ്പൂർ കാമ്പസ് അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ജോധ്പൂർ വിമാനത്താവളത്തിൽ 480 കോടി രൂപ ചെലവിൽ നിർമിക്കുന്ന അത്യാധുനിക ടെർമിനലിന്റെ ശിലാസ്ഥാപനവും നടത്തും. ദേശീയപാതാ-125 A-യിലെ കാർവാർ- ദാംഗിയവാസ് നാല് വരി പാത, ഏഴ് ബൈപാസ് നിർമ്മാണ പദ്ധതികൾ തുടങ്ങി വിവിധ റോഡ് വികസന പദ്ധതികൾക്കും രണ്ട് പുതിയ ട്രെയിൻ സർവീസുകൾക്കും പ്രധാനമന്ത്രി നാളെ രാജസ്ഥാനിൽ തുടക്കമിടും. ഉച്ചക്ക് ശേഷം മധ്യപ്രദേശിലെത്തുന്ന ശ്രീ മോദി, ജബൽപൂരിൽ 12,600 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. ഇൻഡോറിലെ 'ലൈറ്റ് ഹൗസ് ' പദ്ധതി ഉദ്ഘാടനം ചെയ്യുന്നതോടെ 'എല്ലാവർക്കും വീട്' എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് ശക്തി കൈവരും. പിഎം ആവാസ് യോജന - അർബൻ പദ്ധതി പ്രകാരം ആയിരത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. വ്യക്തിഗത കുടിവെള്ള ടാപ്പ് കണക്ഷനായി 2350 കോടിയിലധികം രൂപയുടെ ജൽ ജീവൻ മിഷൻ, ഗതാഗത അടിസ്ഥന സൗകര്യ മേഖലയിലെ വിവിധ പദ്ധതികൾ എന്നിവക്കും പ്രധാനമന്ത്രി നാളെ മധ്യപ്രദേശിൽ തുടക്കം കുറിക്കും.

ന്യൂസ് ഡെസ്ക്, ആകാശവാണി.

## HEADLINE – 3

## PM – GAS SUBSIDY

പ്രധാനമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് എൽപിജി സിലിണ്ടർ സബ്സിഡി നൂറ് രൂപ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. പിഎം ഉജ്വല യോജനയ്ക്ക് കീഴിലുള്ള ഗുണഭോക്താക്കൾക്ക് പാചകവാതക സബ്സിഡി നിലവിലെ 200 രൂപയിൽ നിന്ന് 300 രൂപയായാണ് ഉയർത്തിയത്. എൽപിജി സബ്സിഡി വർധിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയതായി വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിംഗ് താക്കൂറാണ് അറിയിച്ചത്.

✪✪✪

## REV. CABINET-DECISION - THAKUR

തെലങ്കാനയും ആന്ധ്രാപ്രദേശും തമ്മിലുള്ള കൃഷ്ണ ജല തർക്ക ട്രിബ്യൂണൽ-II-ന്റെ വ്യവസ്ഥകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചു. 1956ലെ അന്തർ സംസ്ഥാന നദീജല തർക്ക നിയമത്തിന് അനുസൃതമായാണ് മന്ത്രിസഭാ തീരുമാനമെന്ന് കേന്ദ്രമന്ത്രി അനുരാഗ് സിംഗ് താക്കൂർ അറിയിച്ചു. തർക്കപരിഹാരം ഇരു സംസ്ഥാനങ്ങളുടെയും വളർച്ചയ്ക്ക് പുതിയ വഴികൾ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

## HEADLINE – 4

## NOBEL PRIZE

2023 ലെ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം മൂന്ന് അമേരിക്കൻ ശാസ്ത്രജ്ഞർ പങ്കിട്ടു. MIT യിലെ മൗങ്ഗി ജി. ബവെൻഡി, കൊളംബിയ യൂണിവേഴ്സിറ്റിയിലെ ലൂയിസ് ബ്രൂസ്, അമേരിക്കൻ കമ്പനിയായ നാനോ ക്രിസ്റ്റൽസ് ടെക്നോളജിയിലെ അലക്സി ഐ എകിമോവ് എന്നിവർക്കാണ് പുരസ്കാരം. നാനോ ടെക്നോളജിയിലെ അതിസൂക്ഷ്മ കണികകളായ ക്വാണ്ടം ഡോട്സ് വികസിപ്പിച്ചതിനാണ് അംഗീകാരം.

✪✪✪

## HEADLINE – 5

## PAKISTAN-IMMIGRANTS

പാക്കിസ്ഥാനിലെ അനധികൃത കുടിയേറ്റക്കാരെ ഈ മാസം അവസാനത്തോടെ നാടുകടത്താൻ സർക്കാർ തീരുമാനം. ഇതോടെ ദീർഘകാലമായി രാജ്യത്ത് തുടരുന്ന അഫ്ഗാൻ നിവാസികളടക്കം പതിനൊന്ന് ലക്ഷത്തിലധികം അനധികൃത കുടിയേറ്റക്കാർ നവംബർ ഒന്നിന് മുമ്പ് രാജ്യം വിടേണ്ടിവരും. അല്ലാത്തപക്ഷം, നിയമ നിർവ്വഹണ ഏജൻസികൾ നാടുകടത്തൽ നടപടികൾ ആരംഭിക്കുമെന്ന് പാക്കിസ്ഥാൻ ഇടക്കാല ആഭ്യന്തര മന്ത്രി സർഫ്രാസ് ബുഗ്തി പറഞ്ഞു. ലോകത്തിലെ ഏറ്റവും കൂടുതൽ അഭയാർത്ഥി ജനസംഖ്യയുള്ള രാജ്യമാണ് പാകിസ്ഥാൻ.

✪✪✪

## KARNATAKA-LCA TWIN SEATER

എൽസിഎ തേജസ് യുദ്ധവിമാനത്തിന്റെ ഇരട്ട സീറ്റർ വകഭേദം ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, വ്യോമസേനക്ക് കൈമാറി. ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി അജയ് ഭട്ടിന്റെ സാന്നിധ്യത്തിലായിരുന്നു ഔപചാരിക കൈമാറ്റം . ഏത് കാലാവസ്ഥയിലും പ്രവർത്തിക്കുന്നതും ഭാരം കുറഞ്ഞതുമായ മൾട്ടി-റോൾ 4.5 ജനറേഷൻ വിമാനമാണ് LCA തേജസ് ഇരട്ട സീറ്റർ.

✪✪✪

## LALU- BAIL

ഭൂമി തട്ടിപ്പ് കേസിൽ രാഷ്ട്രീയ ജനതാദൾ നേതാവ് ലാലു പ്രസാദ് യാദവ് , ബിഹാർ മുൻ മുഖ്യമന്ത്രി റാബ്രി ദേവി, മുൻ ഉപമുഖ്യമന്ത്രി തേജസ്വി യാദവ്, ആർജെഡി എംപി മിസാ ഭാരതി എന്നിവർക്ക് ഡൽഹി സിബിഐ കോടതി ജാമ്യം അനുവദിച്ചു. 50,000 രൂപ വീതം വ്യക്തിഗത ജാമ്യം നൽകണം. ഈ മാസം 16 നാണ് കേസിന്റെ അടുത്ത വാദം.

✪✪✪

## MUMBAI-SBI MOBILE HANDHELD DEVICE

ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ അനായാസേന ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 'മൊബൈൽ ഹാൻഡ്ഹെൽഡ് ഉപകരണം' പുറത്തിറക്കി. പണം പിൻവലിക്കൽ, നിക്ഷേപിക്കൽ , മിനി സ്റ്റേറ്റ്മെന്റ് എന്നിവ ഇനി മുതൽ ഉപകരണത്തിലൂടെ ഉപഭോക്താക്കളുടെ വാതിൽപ്പടിയിൽ ലഭ്യമാകും. സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് കീഴിലുള്ള എൻറോൾമെന്റുകൾ, അക്കൗണ്ട് തുറക്കൽ, പണമയയ്ക്കൽ, കാർഡ് അധിഷ്ഠിത സേവനങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി മൊബൈൽ ഹാൻഡ്ഹെൽഡ് വിപുലീകരിക്കാനും എസ്ബിഐ ലക്ഷ്യമിടുന്നു.

✪✪✪

## HEADLINE – 6

### REV. ASIAN GAMES- (INTRO)

ചൈനയിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ പതിനൊന്നാം ദിനവും ഇന്ത്യയുടെ കുതിപ്പ് തുടരുന്നു. 18 സ്വർണ്ണവും, 30 വെള്ളിയും, 32 വെങ്കലവുമടക്കം 80 മെഡലുകൾ കരസ്ഥമാക്കി എക്കാലത്തെയും മികച്ച പ്രകടനത്തിലേക്കാണ് ഇന്ത്യ കുതിക്കുന്നത്. മെഡൽ പട്ടികയിൽ ഇന്ത്യ നിലവിൽ നാലാം സ്ഥാനത്താണ്.

കൂടുതൽ വിവരങ്ങളിലേക്ക് ..............(വോയ്സ്)

### REV. ASIAN GAMES- (VOICE)

ഇന്ന് നടന്ന ജാവലിൻ ത്രോയിൽ ഇന്ത്യ ഇരട്ട മെഡൽ നേട്ടം സ്വന്തമാക്കി. നീരജ് ചോപ്ര സ്വർണ്ണവും കിഷോർ ജന വെള്ളിയും കരസ്ഥമാക്കി. 88.88 മീറ്റർ എന്ന സീസണിലെ മികച്ച ത്രോയുമായാണ് നീരജിന്റെ സ്വർണനേട്ടം. അത്ലറ്റിക്സിൽ പുരുഷന്മാരുടെ 4x400 മീറ്റർ റിലേയിൽ സ്വർണ്ണവും വനിതകളുടെ 4x400 മീറ്റർ റിലേയിൽ വെള്ളിയും നേടി. കൂടാതെ, വനിതകളുടെ 800 മീറ്ററിൽ ഹർമിലൻ ബെയ്ൻസിനും, പുരുഷന്മാരുടെ 5000 മീറ്ററിൽ അവിനാഷ് സാബ്ലെയും വെള്ളി മെഡൽ സ്വന്തമാക്കി. അമ്പെയ്ത്തിൽ ജ്യോതി സുരേഖ വെന്നം, ഓജസ് ദിയോത്താലേ സഖ്യം, ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി സ്വർണ്ണം നേടി.

ബോക്സിങ്ങിൽ വനിതകളുടെ 75 കിലോ വിഭാഗത്തിൽ ലാവ്‌ലിനാ ബോർഗോഹൈൻ വെള്ളിയും 57 കിലോ വിഭാഗത്തിൽ പർവീൻ ഹൂഡ വെങ്കലവും നേടി. ഗുസ്തിയിൽ പുരുഷന്മാരുടെ ഗ്രീക്കോ റോമൻ 87 കിലോ വിഭാഗത്തിൽ സുനിൽ കുമാർ വെങ്കലമെഡൽ കരസ്ഥമാക്കി. 35 കിലോമീറ്റർ മിക്സഡ് റിലേ റേസ് വാക്കിൽ റാം ബാബു, മഞ്ജു റാണി സഖ്യം വെങ്കലം നേടി. സ്ക്വാഷ് മിക്സഡ് ഡബിൾസ് വിഭാഗത്തിൽ അഭയ് സിംഗ്, അനാഹത് സിംഗ് സഖ്യം വെങ്കലം നേടിയപ്പോൾ, ദീപിക പള്ളിക്കൽ, ഹരീന്ദർ പാൽ സിംഗ് സഖ്യം ഹോംഗ് കോങ്ങിനെ പരാജയപ്പെടുത്തി ഫൈനലിലേക്ക് യോഗ്യത നേടി. പുരുഷന്മാരുടെ സിംഗിൾസിൽ ചൈനീസ് താരത്തെ പരാജയപ്പെടുത്തി ഇന്ത്യൻ താരം സൗരവ് ഘോഷാൽ ഫൈനലിലേക്ക് യോഗ്യത നേടി.
ന്യൂസ് ഡെസ്ക് ആകാശവാണി.........

⭘⭘⭘

## ANURAG-ASIAN GAMES

ഏഷ്യൻ ഗെയിംസിൽ ഇന്ത്യ എക്കാലത്തെയും മികച്ച പ്രകടനമാണ് ഇത്തവണ കാഴ്ച വയ്ക്കുന്നതെന്ന് കേന്ദ്ര കായിക മന്ത്രി അനുരാഗ് സിംഗ് താക്കൂർ. രാജ്യത്തെ പ്രതിഭാധനരായ കായികതാരങ്ങൾ ചരിത്രനേട്ടമാണ് സ്വന്തമാക്കിയിരിക്കുന്നതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.
ഞായറാഴ്ചയാണ് ഏഷ്യൻ ഗെയിംസിന്റെ സമാപനം.

⭘⭘⭘

## ASIAN GAMES 2018

ജക്കാർത്തയിൽ 2018 ൽ നടന്ന ഏഷ്യൻ ഗെയിംസിലെ മെഡൽ നേട്ടം വെള്ളിയിൽ നിന്ന് സ്വർണമായ മുഹമ്മദ് അനസിന് അധികമായി 5 ലക്ഷം രൂപയും വെങ്കല മെഡൽ നേട്ടത്തിന് അർഹയായ ആർ അനുവിന് 10 ലക്ഷം രൂപയും കേരള സർക്കാർ പാരിതോഷികം അനുവദിച്ചു. ഉത്തേജക പരിശോധനയിൽ നിലവിലെ താരങ്ങൾ അയോഗ്യരായതോടെയാണ് ഇവർക്ക് മെഡൽ നേട്ടം. മിക്സഡ്

റിലേയിൽ വെള്ളി നേടിയ ടീമിൽ അംഗമായിരുന്നു അനസ്. 400 മീറ്റർ ഹർഡിൽസിൽ നാലാമതായാണ് അനു ഫിനിഷ് ചെയ്തത്.

## WORLD CUP-CRICKET

ഐസിസി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം. അഹമ്മദാബാദിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. ഇന്ത്യയുടെ ആദ്യമത്സരം ഞായറാഴ്ച ഓസ്ട്രേലിയയ്ക്കെതിരെ ചെന്നൈയിൽ നടക്കും. ഒന്നരമാസം നീളുന്ന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾ ഇന്ത്യയിലെ 10 നഗരങ്ങളിലായാണ് സംഘടിപ്പിച്ചിരിക്കുന്നത്.

## PARSHOTTAM RUPALA - ANIMAL DAY

മൃഗങ്ങളോടും പ്രകൃതിയോടുമുള്ള വാത്സല്യം എക്കാലവും ഇന്ത്യയുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് കേന്ദ്ര മന്ത്രി പർഷോത്തം രൂപാല. പരിസ്ഥിതിയുടെ ക്ഷേമം നമ്മുടെ നിലനിൽപ്പിന് ആവശ്യമാണെന്ന്, ഇന്ന് ന്യൂഡൽഹിയിൽ ലോക മൃഗദിനത്തിൽ സംസാരിക്കവെ, അദ്ദേഹം ചൂണ്ടിക്കാട്ടി. മൃഗങ്ങളോട് മൃദു സമീപനം പുലർത്തണമെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

## RAIN - KERALA

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രണ്ട് ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയ്ക്ക് ഇന്ന് നേരിയ

ശമനമുണ്ടായി. എന്നാൽ ജില്ലയിലെ എല്ലാ ബീച്ചുകളിലേക്കുമുള്ള പ്രവേശനം ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ചതായി കളക്ടർ അറിയിച്ചു. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന്

വിലക്കുണ്ട്. കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

## KARIVANNUR BANK

കരിവന്നൂർ ബാങ്കിൽ നിന്ന് എടുത്ത വായ്പ തിരിച്ചടച്ചിട്ടും, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പിടിച്ചെടുത്ത ആധാരം കോടതി ഇടപെട്ട് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ ബാങ്കിന് അപേക്ഷ സമർപ്പിക്കാൻ ഹൈക്കോടതി നിർദേശം. തൃശൂർ സ്വദേശി സമർപ്പിച്ച ഹർജിയിൽ ഇതു സംബന്ധിച്ച് ബാങ്കിന് അപേക്ഷ സമർപ്പിക്കാനും ഇക്കാര്യത്തിൽ ഇ ഡി മൂന്നാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.